# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1438

04.12.2014-ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ പോലീസ് മുക്ക് - കാഞ്ഞിയാംവിള റോഡ് നിർമ്മാണം

| ചോദ്യം<br>ശ്രീ. ബി. സത്യൻ | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പോലീസ് മുക്ക് - കാഞ്ഞിയാംവിള റോഡ് തകർന്ന് പോയത് കാരണം ബസ് സർവ്വീസ് നിർത്തിവയ്ക്കുകയും ജനകീയ സമരം ഉയർന്നത് കാരണം പ്രസ്തുത റോഡ് പുനർ നിർമ്മിക്കുന്നതിന് വകുപ്പ് മന്ത്രിയ്ക്ക് നിർദ്ദേശം സമർപ്പിക്കുകയും അടിയന്തിരമായി എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത ജോലിയ്ക്ക് ഭരണാനുമതി നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | ആറ്റിങ്ങൽ നിയോജന മണ്ഡലത്തിലെ പുളിമാത്ത് ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട കാട്ടുംപുറം പോലീസ് മുക്ക് - കങ്കിയാംവിള റോഡ് ബി.എം. & ബി.സി. ചെയ്ത് പുനരുദ്ധരിക്കുന്നതിനു വേണ്ടി 250 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.<br><br>ഇതേ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം 29 ലക്ഷം രൂപ അടങ്കൽ തുകയായി വേറൊരു പ്രൊപ്പോസലും ലഭിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ 2012 എസ്.ഒ.ആർ പ്രകാരം ആയതിനാൽ ഡി.എസ്.ആർ 2013 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനു ഭരണാനുതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കാമോ;? | | |

സെക്ഷൻ ഓഫീസർ